**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 768 — 05.06.2018 - ൽ മറുപടിക്ക്

## ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ സാരമായി ബാധിക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | എ) | കേരളത്തിൽ അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ടൂറിസം മേഖലയെ ഹർത്താലിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; | ബി) യും സി) യും | ടൂറിസം മേഖലയെ ഹർത്താലുകളിൽ നിന്നും ഒഴിവാക്കുന്നതിനായി 15.05.2018 ന് ബഹു. മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിക്കുകയും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. സർവ്വകക്ഷി യോഗത്തിന്റെ ഐകകണ്ഠേനയുള്ള അഭിപ്രായം അംഗീകരിച്ച് ടൂറിസം മേഖലയെ ഹർത്താലിൽ നിന്ന് ഒഴിവാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വിവിധ കക്ഷികളുമായി ആലോചിച്ച് എടുത്ത തീരുമാനം നടപ്പാക്കാൻ പരിശ്രമിക്കുന്നതാണ്. |
| സി) | ഇതിനായി നിയമനിർമ്മാണം നടത്തുന്നതിനും രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനും മുൻകൈ എടുക്കുമോ? | | |

(ഒപ്പ്)
സെക്ഷൻ ഓഫീസർ